എ.വൈ.ആർ



സൂറ-20

# ത്വാഹാ

ആയത്ത് 43 മുതൽ 46 വരെ

ജനങ്ങളുടെ ദണ്ഡകനും അധിപതിയുമായിട്ടല്ല പ്രവാചകന്മാർ വരുന്നത്. പ്രത്യുത നിഷ്കളങ്കനായ ഗുണകാംക്ഷിയായിട്ടാണ്. ജനങ്ങളെ യാഥാർഥ്യം ബോധ്യപ്പെടുത്താനും സംസ്കരിക്കാനുമാണ് അവർ നിയുക്തരാകുന്നത്. സൗമ്യതയും വിനയവുമാകട്ടെ അവർ പഠിപ്പിക്കേണ്ട ധർമങ്ങളിൽ പെട്ടതുമാണ്. അതിനാൽ ശിഷ്യവത്സലനായ ഗുരുഭൂതന്റെ കനിവും വാത്സല്യവും ഏതു പ്രവാചകനിലും എപ്പോഴും മുഴച്ചുകാണാവുന്നതാണ്.

اذْهَبَا إِلَىٰ فِرْعَوْنَ إِنَّهُۥ طَغَىٰ ﴿٤٣﴾

**43.** ഇരുവരും ഫറവോനിലേക്ക് പോകുവിൻ; അവൻ പരമധിക്കാരിയായിരിക്കുന്നു.

فَقُولَا لَهُۥ قَوْلًا لَّيِّنًا لَّعَلَّهُۥ يَتَذَكَّرُ أَوْ يَخْشَىٰ ﴿٤٤﴾

**44.** അവനോട് മയത്തിൽ സംസാരിക്കേണം. അവൻ ഉപദേശം സ്വീകരിക്കുകയോ പേടിക്കുകയോ ചെയ്തേക്കാം.

قَالَا رَبَّنَآ إِنَّنَا نَخَافُ أَن يَفْرُطَ عَلَيْنَآ أَوْ أَن يَطْغَىٰ ﴿٤٥﴾

**45.** ഇരുവരും ബോധിപ്പിച്ചു: നാഥാ, ഫറവോൻ ഞങ്ങളെ ഹിംസിക്കുമെന്ന് അല്ലെങ്കിൽ ധിക്കാരം ചെയ്യുമെന്ന് ഞങ്ങൾ പേടിക്കുന്നു.

قَالَ لَا تَخَافَآ إِنَّنِي مَعَكُمَآ أَسْمَعُ وَأَرَىٰ ﴿٤٦﴾

**46.** അല്ലാഹു ആശ്വസിപ്പിച്ചു: പേടിക്കേണ്ട. ഞാനുണ്ട് നിങ്ങളുടെ കൂടെ; എല്ലാം കേട്ടുകൊണ്ടും കണ്ടുകൊണ്ടും.

اذْهَبَا = (നിങ്ങൾ) ഇരുവരും പോകുവിൻ / إِلَىٰ فِرْعَوْنَ = ഫറവോനിലേക്ക് / إِنَّهُۥ = തീർച്ചയായും അവൻ
طَغَىٰ = (പരമ)ധിക്കാരിയായിരിക്കുന്നു / فَقُولَا = ഇരുവരും പറയുവിൻ (സംസാരിക്കുവിൻ) / لَهُۥ = അവനോട്
قَوْلًا = വാക്ക്, സംസാരം / لَّيِّنًا = മൃദുലമായ (മയത്തിൽ)
لَّعَلَّهُۥ يَتَذَكَّرُ = അവൻ അനുസ്മരിച്ചേക്കാം, ബോധവാനായേക്കാം (ഉപദേശം സ്വീകരിച്ചേക്കാം)
أَوْ يَخْشَىٰ = അല്ലെങ്കിൽ പേടിച്ചേക്കാം / قَالَا = ഇരുവരും പറഞ്ഞു(ബോധിപ്പിച്ചു) / رَبَّنَآ = ഞങ്ങളുടെ നാഥാ
إِنَّنَا نَخَافُ = ഞങ്ങൾ പേടിക്കുന്നു / أَن يَفْرُطَ = അവൻ ബദ്ധപ്പെടുന്നതിനെ (ഹിംസിക്കുമെന്ന്) / عَلَيْنَآ = ഞങ്ങളുടെ മേൽ
أَوْ أَن يَطْغَىٰ = അല്ലെങ്കിൽ അവൻ ധിക്കാരം ചെയ്യുമെന്ന് / قَالَ = അവൻ പറഞ്ഞു (അല്ലാഹു ആശ്വസിപ്പിച്ചു)
لَا تَخَافَآ = നിങ്ങൾ രണ്ടാളും പേടിക്കേണ്ട / إِنَّنِي = തീർച്ചയായും ഞാനുണ്ട് / مَعَكُمَآ = നിങ്ങളുടെ കൂടെ
أَسْمَعُ = ഞാൻ കേൾക്കുന്നു (എല്ലാം കേട്ടുകൊണ്ടും) / وَأَرَىٰ = ഞാൻ കാണുന്നു (എല്ലാം കണ്ടുകൊണ്ടും)

## 43,44

**'പോ**വുക' എന്ന് ഇവിടെ കൽപ്പിക്കുന്നത് മുൻസൂക്തത്തിന്റെ തുടർച്ചയായിട്ടല്ല. തുവാ താഴ്‌വരയിൽവെച്ച് മൂസാ(അ)യെ പ്രവാചകനായി നിയോഗിച്ചതായി പ്രഖ്യാപിച്ചതിന്റെ ഭാഗമാണ് 42 വരെയുള്ള സൂക്തങ്ങൾ. ആ സൂക്തങ്ങളെല്ലാം സംബോധന ചെയ്യുന്നത് മൂസാ നബിയെ മാത്രമാണ്. അവിടെ അദ്ദേഹത്തോടൊപ്പം ഹാറൂൻ(അ) ഉണ്ടായിരുന്നില്ല. അനന്തരം മൂസാ(അ) ഈജിപ്തിലെത്തി സഹോദരൻ ഹാറൂനുമായി സന്ധിച്ചശേഷം രണ്ടുപേരെയും സംബോധന ചെയ്തുകൊണ്ടുള്ളതാണ് തുടർന്നുള്ള സൂക്തങ്ങൾ. ഫറവോന്റെ ധിക്കാരം-طغيان എന്തായിരുന്നുവെന്ന് 24-ാം സൂക്തത്തിന്റെ വിശദീകരണത്തിൽ സൂചിപ്പിച്ചിട്ടുണ്ട്.

ഫറവോനോട് സൗമ്യമായി സംസാരിക്കണം എന്നത് പ്രബോധനരീതിയുമായി ബന്ധപ്പെട്ട സുപ്രധാനമായ നിർദേശമാണ്. മൂസാ-ഹാറൂൻ നബിമാർക്കു മാത്രമല്ല, എല്ലാ സത്യപ്രബോധകർക്കും ബാധകമാണീ നിർദേശം. ഫറവോൻ പരാക്രമിയും സർവാധിപതിയും ആയതുകൊണ്ടും മൂസാ നബി അടിച്ചമർത്തപ്പെട്ട ഇസ്റാഈല്യൻ ആയതുകൊണ്ടും സ്വീകരിക്കേണ്ട തന്ത്രപരമായ സമീപനവുമല്ല ഇത്. സൃഷ്ടികളിലേക്കുള്ള അല്ലാഹുവിന്റെ അംബാസിഡർ എന്നതാണ് പ്രവാചകന്റെ അവസ്ഥ. അദ്ദേഹത്തിന്റെ എല്ലാ നടപടികളും സംസ്കാര സമ്പന്നവും മാതൃകാപരവുമായിരിക്കണം. സത്യപ്രബോധനത്തിന്റെ പ്രകൃതിയാണ് സൗമ്യതയും വിനയവും ഗുണകാംക്ഷയും. ജനങ്ങളുടെ ദണ്ഡകനും അധിപതിയുമായിട്ടല്ല പ്രവാചകന്മാർ വരുന്നത്. പ്രത്യുത നിഷ്കളങ്കനായ ഗുണകാംക്ഷിയായിട്ടാണ്. ജനങ്ങളെ യാഥാർഥ്യം ബോധ്യപ്പെടുത്താനും സംസ്കരിക്കാനുമാണ് അവർ നിയുക്തരാകുന്നത്. സൗമ്യതയും വിനയവുമാകട്ടെ അവർ പഠിപ്പിക്കേണ്ട ധർമങ്ങളിൽ പെട്ടതുമാണ്. അതിനാൽ ശിഷ്യവത്സലനായ ഗുരുഭൂതന്റെ കനിവും വാത്സല്യവും ഏതു പ്രവാചകനിലും എപ്പോഴും മുഴച്ചുകാണാവുന്നതാണ്. അവർ ഉരുക്കു മനുഷ്യരായിരുന്നില്ല; പച്ച മനുഷ്യരായിരുന്നു. 'ഞാൻ നിങ്ങളുടെ നിഷ്കളങ്കനായ ഗുണകാംക്ഷിയാണ്'-أَنَا لَكُمْ نَاصِحٌ أَمِينٌ എന്നാണവർ പ്രബോധിതരോട് പറഞ്ഞിരുന്നത്. അവരാരും അഹങ്കരിക്കുകയോ ജാടകൾ കാണിക്കുകയോ ചെയ്തിരുന്നില്ല. പ്രവാചകത്വ പദവിയല്ലാതെയുള്ള സ്ഥാനമാനങ്ങളോ ശക്തികളോ അവകാശപ്പെട്ടിരുന്നുമില്ല. തങ്ങളുടെ ഗുണകാംക്ഷ പോലും ദൈവേഛയുണ്ടെങ്കിലേ പ്രയോജനപ്പെടൂ എന്നും അവർ വ്യക്തമാക്കിയിരുന്നു:

وَلَا يَنفَعُكُمْ نُصْحِي إِنْ أَرَدتُّ أَنْ أَنصَحَ لَكُمْ إِن كَانَ اللَّهُ يُرِيدُ أَن يُغْوِيَكُمْ

(ഞാൻ ഗുണകാംക്ഷാപരമായി വല്ലതും നിങ്ങൾക്ക് ചെയ്തുതരാൻ ഉദ്ദേശിച്ചാൽ അല്ലാഹു ഉദ്ദേശിക്കുന്നത് നിങ്ങളെ വഴിതെറ്റിക്കാനാണെങ്കിൽ എന്റെ ആഗ്രഹം നിങ്ങൾക്ക് ഒരു പ്രയോജനവും ചെയ്യില്ല-11:34). സൗമ്യമായ പെരുമാറ്റം അല്ലാഹു എല്ലാ പ്രവാചകന്മാരോടും കൽപ്പിച്ചിരുന്നു. മുഹമ്മദ് നബിയോട് അല്ലാഹു പറയുന്നു:

فَاعْفُ عَنْهُمْ وَاصْفَحْ ۚ إِنَّ اللَّهَ يُحِبُّ الْمُحْسِنِينَ

(നീ അവരോട് ക്ഷമിക്കുക, അവരുടെ ദ്രോഹങ്ങൾക്കു നേരെ കണ്ണടക്കുക, നല്ലതു ചെയ്യുന്നവരെ തീർച്ചയായും അല്ലാഹു സ്നേഹിക്കുന്നുണ്ട്-5:13).

خُذِ الْعَفْوَ وَأْمُرْ بِالْعُرْفِ وَأَعْرِضْ عَنِ الْجَاهِلِينَ

(വിട്ടുവീഴ്ച കൈക്കൊള്ളുക. ധർമം കൽപിക്കുക; അവിവേകികളെ അവഗണിക്കുക-7:199).

فَبِمَا رَحْمَةٍ مِّنَ اللَّهِ لِنتَ لَهُمْ ۖ وَلَوْ كُنتَ فَظًّا غَلِيظَ الْقَلْبِ لَانفَضُّوا مِنْ حَوْلِكَ ۖ فَاعْفُ عَنْهُمْ وَاسْتَغْفِرْ لَهُمْ وَشَاوِرْهُمْ فِي الْأَمْرِ ۖ فَإِذَا عَزَمْتَ فَتَوَكَّلْ عَلَى اللَّهِ ۚ إِنَّ اللَّهَ يُحِبُّ الْمُتَوَكِّلِينَ ﴿١٥٩﴾

(പ്രവാചകൻ സൗമ്യശീലനായത് അല്ലാഹുവിങ്കൽ നിന്നുള്ള മഹത്തായ അനുഗ്രഹത്താലാകുന്നു. കഠിന മനസ്കനായ പരുഷപ്രകൃതനായിരുന്നുവെങ്കിൽ ജനങ്ങൾ നിന്റെ ചുറ്റുനിന്നും പിരിഞ്ഞുപോകുമായിരുന്നു. അവരുടെ തെറ്റുകൾ ക്ഷമിക്കുക. അവർക്കുവേണ്ടി പാപമോചനമർഥിക്കുക. കാര്യങ്ങൾ അവരുമായി കൂടിയാലോചിക്കുക. തീരുമാനമെടുത്തു കഴിഞ്ഞാൽ പിന്നെ അല്ലാഹുവിൽ ഭരമേൽപ്പിച്ച് മുന്നോട്ടുപോവുക, തന്നിൽ ഭരമേൽപ്പിക്കുന്നവരെ അല്ലാഹു സ്നേഹിക്കുന്നു-3:159).

لَّعَلَّهُ يَتَذَكَّرُ أَوْ يَخْشَىٰ എന്നുപറഞ്ഞത് പ്രബോധനത്തിന്റെ യഥാർഥ ലക്ഷ്യമാണ്. അതായത് മനുഷ്യൻ പ്രപഞ്ചനാഥനായ അല്ലാഹുവിനെക്കുറിച്ചും അവനോടുള്ള തന്റെ ബാധ്യതകളെ അഥവാ സത്യധർമങ്ങളെക്കുറിച്ചും ബോധവാനാവുകയും ധർമധ്വംസനത്തിന്റെ അനന്തരഫലങ്ങളെ ഭയപ്പെടുകയും ചെയ്യുക. ഓർക്കലും ബോധവാനാകലുമാണ് تذكر. അതിലേക്കുള്ള മാർഗമാണ് പ്രവാചകന്മാരുടെ ഉപദേശം സ്വീകരിക്കൽ. അടിസ്ഥാനപരമായ ദൈവബോധവും ധർമസങ്കൽപവും പ്രകൃത്യാ മനുഷ്യരിലുള്ളതാണ്. ഖുർആൻ 7:172-ൽ ഈ നൈസർഗികാവബോധത്തെ മനുഷ്യ മക്കൾ ജനിക്കുന്നതിനുമുമ്പേ അല്ലാഹു അവരിൽനിന്നു വാങ്ങിയിട്ടുള്ള പ്രതിജ്ഞയായി ചിത്രീകരിച്ചിട്ടുണ്ട്. ജീവിത സാഹചര്യങ്ങളിലുണ്ടാകുന്ന മാറ്റങ്ങളാലും ജഢികാസക്തികൾ അതിജയിക്കുന്നതിനാലും മനുഷ്യൻ ഈ പ്രതിജ്ഞ മറന്നുപോകുന്നു. അതു വീണ്ടും അനുസ്മരിപ്പിക്കുക-تذكير ആണ് പ്രവാചകന്മാരുടെ ദൗത്യം. മനുഷ്യൻ സന്മാർഗം പ്രാപിക്കുന്നത് രണ്ടുവിധത്തിലാണ്. ഒന്ന്, പ്രവാചക സന്ദേശങ്ങളിലൂടെ പ്രപഞ്ചത്തെയും അതിന്റെ നിയന്താവിനെയും ശരിയായി മനസ്സിലാക്കുക വഴി സ്വന്തം ഉത്തരവാദിത്വവും ധർമാധർമവും തിരിച്ചറിയുന്നതിലൂടെ. അതാണ് പൂർണമായ تذكر. ധാർമിക മനഃസാക്ഷി സജീവമായി നിലനിൽക്കുന്നവർക്കേ ഇതിനു കഴിയൂ. രണ്ട്, പ്രപഞ്ചത്തെക്കുറിച്ചും ജീവിതത്തെക്കുറിച്ചും ശരിയായ കാഴ്ചപ്പാടും ശക്തമായ ധാർമികബോധവും ഇല്ലാത്തവ

രുടെ മനഃസാക്ഷി പൂർണമായി മരിച്ചിട്ടില്ലെങ്കിൽ പ്രവാചകന്മാരുടെ മുന്നറിയിപ്പുകളിൽ അവർ ചകിതരാവുകയും ദൈവകോപത്തിനിരയാകുന്ന നടപടികളിൽനിന്ന് വിട്ടുനിൽക്കാൻ പ്രേരിതരാവുകയും ചെയ്യുന്നു. അല്ലെങ്കിൽ ഭയപ്പെട്ടേക്കാം أَوْ يَخْشَىٰ എന്നുപറഞ്ഞത് ഇതിനെക്കുറിച്ചാണ്. ഇങ്ങനെ പേടിക്കുന്നവർ വിഷയത്തെ കുറിച്ച് ഗൗരവപൂർവം ചിന്തിക്കുകയാണെങ്കിൽ ക്രമേണ പൂർണ ബോധത്തിൽ-تذكّر-ൽ എത്തിച്ചേരും.

ഇവിടെ ഉപദേശം സ്വീകരിച്ചേക്കാം അല്ലെങ്കിൽ പേടിച്ചേക്കാം لَّعَلَّهُۥ يَتَذَكَّرُ أَوْ يَخْشَىٰ-എന്ന വാക്യത്തിലെ സന്ദേഹം അല്ലാഹുവിനെ സംബന്ധിച്ചുള്ളതല്ല; മൂസാനബിയെയും ഹാറൂൻ നബിയെയും സംബന്ധിച്ചുള്ളതാണ്. ഫറവോന്റെ ഭാവിയെന്തെന്ന് അല്ലാഹുവിന് വ്യക്തമായി അറിയാം. ഫറവോന്റേതു മാത്രമല്ല എല്ലാ മനുഷ്യരുടെ കാര്യവും ഇതു തന്നെയാണ്. അല്ലാഹു എല്ലാവർക്കും ശരിയും തെറ്റും തിരിച്ചറിയാൻ മാർഗമൊരുക്കുന്നു. ആ മാർഗത്തോട് സ്വീകരിച്ച സമീപനമനുസരിച്ചാണ് അവർ രക്ഷാശിക്ഷകൾക്കർഹരാകുന്നത്. രക്ഷയുടെ മാർഗം കാണിച്ചുകൊടുക്കുക പ്രവാചകന്മാരുടെ ഉത്തരവാദിത്വമാണ്. ചിലർ അതു സ്വീകരിച്ച് രക്ഷപ്പെടുന്നു. ചിലർ തിരസ്കരിച്ച് ശിക്ഷിക്കപ്പെടുന്നു. സ്വീകരിക്കുന്നവരും തിരസ്കരിക്കുന്നവരും ആരൊക്കെയാണെന്ന് ദൃശ്യവും അദൃശ്യവുമായ സകലതിനെക്കുറിച്ചും ത്രികാലജ്ഞനായ അല്ലാഹുവിന്നറിയാം. പക്ഷേ പ്രബോധകർക്ക് അവരെ മുൻകൂട്ടി അറിയാനാവില്ല. സത്യസന്ദേശം ധിക്കാരപൂർവം തള്ളിക്കളയുമെന്ന് പ്രബോധകൻ കരുതിയവർ അതു സസന്തോഷം സ്വീകരിച്ചുവെന്നുവരാം. സ്വീകരിക്കുമെന്നും തങ്ങളെ പിന്തുടരുമെന്നും കരുതിയവർ തള്ളിക്കളയുകയും പ്രബോധകരെ ആട്ടിയോടിക്കുകയും ചെയ്തുവെന്നും വരാം. സ്വീകരിക്കുകയും പിന്തുടരുകയും ചെയ്യുമെന്ന പ്രതീക്ഷയോടെയാണ് പ്രവാചകൻ എല്ലാവരെയും സമീപിക്കേണ്ടത്. ഇതാണ് ഈ ശൈലിയുടെ താൽപര്യം.

## 45

**ഫ**റവോനിലേക്ക് പോകാൻ അല്ലാഹു കൽപ്പിച്ചപ്പോൾ അതിനു വിസമ്മതിച്ചുകൊണ്ട് ഒഴികഴിവ് പറയുകയല്ല മൂസായും ഹാറൂനും ഈ വാക്യത്തിലൂടെ. തങ്ങളുടെ ദൗത്യത്തെക്കുറിച്ചും അതിന്റെ വരുംവരായ്കകളെക്കുറിച്ചും പ്രവാചക സഹോദരന്മാർ നേരത്തെ ചർച്ച ചെയ്തിരുന്നു. രണ്ടുപേരും ഉത്തരവാദിത്വം ഏറ്റെടുക്കാൻ തീരുമാനിക്കുകയും ചെയ്തു. ഇപ്പോൾ പുറപ്പെടുമ്പോൾ, നേരത്തെ നടത്തിയ ചർച്ചയിൽ നിന്നുരുത്തിരിഞ്ഞ പേടി പ്രാർഥനാരൂപത്തിൽ അല്ലാഹുവിന്റെ മുമ്പിൽ സമർപ്പിക്കുകയാണ്. താൽപര്യമിതാണ്: പ്രതാപിയായ ഫറവോന്റെ കണ്ണിൽ പുൽക്കൊടിക്കു തുല്യരാണ് ഞങ്ങൾ. ഞങ്ങൾക്ക് മുഖം തരാൻ പോലും അവൻ കൂട്ടാക്കുമോ? ഞങ്ങൾ പറയുന്നത് മഹാസത്യങ്ങളാണെങ്കിലും അത് സാവകാശം കേൾക്കാനും പരിഗണിക്കാനും ഗൗരവപൂർവം അതെപ്പറ്റി ആലോചിക്കാനും തയാറാകുമോ? തന്റെ മുമ്പിൽനിന്ന് ധിക്കാരം പുലമ്പുന്ന രണ്ടടിമകൾ എന്ന നിലയിൽ ഞങ്ങളെ ഉടനെ കൊന്നുകളയാനോ അല്ലെങ്കിൽ കൊടിയ പീഡനത്തിനിരയാക്കാനോ വിധിക്കുകയല്ലേ അവൻ ചെയ്യുക? അങ്ങനെയൊന്നും സംഭവിക്കാതിരിക്കാൻ നിന്റെ പ്രത്യേകമായ അനുഗ്രഹവും കാരുണ്യവും ഞങ്ങളിൽ ചെരിയേണം. മൂസാ(അ) പ്രവാചകത്വം ഏറ്റെടുക്കാൻ വിസമ്മതിച്ചുകൊണ്ട് ഒരാഴ്ചക്കാലം അല്ലാഹുവിനോട് തർക്കിച്ചുവെന്നും അങ്ങനെ അല്ലാഹു അപ്രീതനായതിനെ തുടർന്നാണ് ഏറ്റെടുത്തതെന്നുമൊക്കെയാണ് ബൈബിൾ പറയുന്നത്. يفرط ന്റെ ഭാഷാർഥം ധൃതിപ്പെടുന്നു, മുന്നേറുന്നു, അമിതമാകുന്നു എന്നൊക്കെയാണ്. ഒരാളെ പെട്ടെന്ന് കടന്നാക്രമിക്കുന്നതിനാണ് يفرط عليه എന്നുപറയുക, നേരത്തെ 24-ാം സൂക്തത്തിലും 43-ാം സൂക്തത്തിലും വന്നിട്ടുള്ള طغى യുടെ ഭാവികാല രൂപമാണ് يطغى.

## 46

**മൂ**കളിൽ അവതരിപ്പിച്ച പ്രാർഥനക്ക് അല്ലാഹു നൽകുന്ന മറുപടിയാണിത്: ഞാൻ എല്ലാം കേൾക്കുകയും കാണുകയും ചെയ്തുകൊണ്ട് നിങ്ങളുടെ കൂടെത്തന്നെയുണ്ട് എന്നുപറയുന്നതിൽ അവന്റെ ശക്തിയുടെയും പ്രൗഢിയുടെയും പ്രഖ്യാപനവും സഹായത്തിന്റെയും സംരക്ഷണത്തിന്റെയും വാഗ്ദാനവുമുണ്ട്. അല്ലാഹു കൂടെനിൽക്കുകയും അവൻ തന്നെ എല്ലാം നോക്കിയും കണ്ടും നിങ്ങളെ ഒരു സംരംഭത്തിലേർപ്പെടുത്തുകയും ചെയ്യുമ്പോൾ ലോകം മുഴുവൻ എതിർത്താലും എന്തിനു ഭയപ്പെടേണം? ഇതിനർഥം മൂസാ-ഹാറൂൻ നബിമാർക്ക് ഒരു പ്രയാസവുമില്ലാതെ അവരുടെ ദൗത്യം പൂർത്തീകരിക്കാൻ കഴിയുമെന്നല്ല. പ്രയാസങ്ങളും പ്രതിബന്ധങ്ങളും എല്ലാ പ്രബോധകർക്കും നേരിടേണ്ടി വരും. ക്ലേശങ്ങൾ നേരിടുക അവരുടെ ദൗത്യനിർവഹണത്തിന്റെ ഭാഗം തന്നെയാണ്. അതൊക്കെ അല്ലാഹുവിന്റെ വേണ്ടുകയാൽ ഉണ്ടാകുന്നതാണ്. എല്ലാം അവൻ ശരിക്കും കാണുകയും രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്. അതായത് പ്രബോധന മാർഗത്തിൽ പ്രയാസങ്ങളും പ്രതിബന്ധങ്ങളും നേരിടുന്നത് വെറുതെയാവില്ല. പ്രയാസങ്ങളുടെയും പ്രതിബന്ധങ്ങളുടെയും വേലിയേറ്റത്തിനിടയിലും അല്ലാഹു അവരിലൂടെ നിവർത്തിക്കാനുദ്ദേശിച്ച കാര്യം നിവർത്തിക്കാനുള്ള മാർഗങ്ങൾ തുറന്നു കൊടുത്തുകൊണ്ടിരിക്കും. അതുകൊണ്ട് ഫറവോൻ നിങ്ങളെ കണ്ട ഉടൻ ഹിംസിച്ചുകളയുമെന്നൊന്നും പേടിക്കേണ്ട. അവന്റെ ക്രൗര്യത്തെയും ധാർഷ്ട്യത്തെയും മറികടക്കാനുള്ള വഴി നിങ്ങൾക്കു മുമ്പിൽ തുറക്കപ്പെടും.

■